(ബി) ടി ഗവണ്മെൻറ ജീവനക്കാരുടെ മക്കളുടെ മാക്ക് മറ്റ വിദ്യാർത്ഥികളുടെ മാക്കിനെക്കാൾ കുറവാണെങ്കിലും ഈ മുൻഗണന നൽകപ്പെടുന്നുണ്ടോ;

(സി) കൂടുതൽ മാക്ക് കിട്ടിയിട്ടുള്ള മറ്റ അപേക്ഷകരെ തിരസ്കരിച്ച് എറണാകുളത്തുകാരായ ഈ ഗവണ്മെൻറ ജീവനക്കാരുടെ മക്കൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്;

(ഡി) അവരുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേറ്റമെൻറ് തരുവാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഗവണ്മെൻറ ജീവനക്കാരുടെ മക്കളുടെ മാക്ക് നിശ്ചിത മിനിമത്തിൽ കുറവല്ലെങ്കിൽ പ്രിൻസിപ്പാളിൻറെ യുക്തംപോലെ അവക്ക് മുൻഗണന നൽകിവരുന്നുണ്ട്.

(സി) 14 പേക്ക് പ്രവേശനം നൽകിയിട്ടുണ്ട്.

(ഡി)

ബ്രാഹ്മണൻ	3
ഗൌഡസാരസ്വതബ്രാഹ്മണൻ	1
നായർ	7
ക്രിസ്ത്യൻ	1
പുലയ	1
ഈഴവ	1
ആകെ	14

ശബരിമലക്ഷേത്രം നശിപ്പിച്ചത് സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട്.

145. [15] ശ്രീ. കൊച്ചുകുഞ്ഞ്: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമലക്ഷേത്രം തീവച്ച് നശിപ്പിച്ചത് സംബന്ധിച്ച് അന്വേഷിക്കാൻ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിരുന്ന പോലീസ് ഉദ്യോഗസ്ഥൻ ശ്രീ. കേശവമേനോൻ അതു സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ബഹുജനങ്ങളുടെ അറിവിലേക്ക് പരസ്യപ്പെടുത്തുമോ?

ഉത്തരം.

ശബരിമല കേസ്സ് നെപ്പറ്റി അന്വേഷണം നടത്തിയ ശ്രീ. കേശവമേനോൻ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പൊതുതാല്പര്യത്തെ ഉദ്ദേശിച്ച് ആ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തേണ്ടതില്ല എന്നു തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly